ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷം മുതൽ പദ്ധതി അതാത് പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന യഥാസമയം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജിലെ അദ്ധ്യയനം

102(802) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിൽ എന്ന് ക്ലാസ്സുകൾ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജിൽ 2016-17 അദ്ധ്യയന വർഷം മുതൽ തന്നെ പ്രവേശനം സാധ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും അതനുസരിച്ച് എം.സി.ഐ.-യുടെ പരിശോധനകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എം.സി.ഐ.-യിൽനിന്നും ലെറ്റർ ഓഫ് പെർമിഷൻ (LOP) ലഭിച്ചാലുടൻ അഡ്മിഷൻ നടത്തി ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയും.

പുതിയ മെഡിക്കൽ കോളേജുകൾ

103(803) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ ആസൂത്രണം ചെയ്ത കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി) മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത് ഏതൊക്കെ മേഖലകളിലാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ മെഡിക്കൽ കോളേജും സംബന്ധിച്ച നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly